കെ.എസ്.ഇ.ബി.-യിലെ ശമ്പളപരിഷ്കരണം

5 (3158) ശ്രീ. ബി. എസ്. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിലെ ജീവനക്കാരുടെ നിലവിലുള്ള ശമ്പളപരിഷ്കരണ കരാറിന്റെ കാലാവധി 31-7-2013-ൽ അവസാനിച്ചതായി ശ്രദ്ധിച്ചിരുന്നുവോ; പുതിയ കരാർ രൂപീകരിക്കുന്നതിലേക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ ശമ്പള കരാറിനായി ഏതു സംഘടനകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന് അഭ്യർത്ഥനാപത്രിക സമർപ്പിച്ചിട്ടുണ്ട്; പ്രസ്തുത സംഘടനകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(സി) 1-8-2013 തീയതിയിൽ മുൻകാലപ്രാബല്യത്തോടെ പുതിയ കരാർ രൂപീകരിക്കുവാൻ സന്നദ്ധമാകുമോ; ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ ശമ്പള പരിഷ്കരണം നടത്തുവാൻ തയ്യാറാകുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ വർക്കേഴ്സ് വിഭാഗത്തിലുൾപ്പെട്ട ജീവനക്കാരുടെ ഏറ്റവും ഒടുവിലായി പൂർത്തീകരിച്ചിട്ടുള്ള ശമ്പള പരിഷ്കരണ കരാറിന്റെ കാലാവധി 31-7-2013-ൽ അവസാനിച്ചു. പുതിയ ശമ്പള പരിഷ്കരണ കരാർ രൂപീകരിക്കുന്നതിലേക്കായുള്ള നടപടികൾ ബോർഡിൽ ആരംഭിച്ചിട്ടില്ല.

(ബി) പുതിയ ശമ്പളപരിഷ്കരണ കരാറിനായി കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ (എ.ഐ.ടി.യു.സി.) എന്ന സംഘടന അഭ്യർത്ഥനാപത്രിക സമർപ്പിച്ചിട്ടുണ്ട്.

(സി) ശമ്പള പരിഷ്കരണ ചർച്ചകളിൽ ഉരുത്തിരിയുന്ന തീരുമാനങ്ങൾ മുൻനിർത്തിയും കരാർ രൂപപ്പെടുത്തുന്നതിൽ മുൻകാലങ്ങളിൽ പാലിച്ച രീതിയിലുള്ള വ്യവസ്ഥകൾ/നിബന്ധനകൾ/നിയമങ്ങൾ പിന്തുടർന്നും മുൻഗണനാ ക്രമങ്ങൾ നൽകിയും, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെയും സംസ്ഥാന സർക്കാരിന്റെയും അനുമതിക്ക് വിധേയമായാണ് ശമ്പള പരിഷ്കരണ കരാർ രൂപീകരിക്കുന്നത്. പുതിയ ശമ്പള പരിഷ്കരണ കരാർ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ ഇപ്രകാരമുണ്ടായിട്ടുള്ള മറ്റ് വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly